"ഭരണഭാഷ മാതൃഭാഷ"

കുരുന്നുകൾക്ക് ചിറകേകി 45 നിറവിൽ

ICDS/B2-9402/21

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി: 04.02.2022
ഇ-മെയിൽ:directorate.wcd@kerala.gov.in
ഫോൺ നം: 0471-2346534

വനിത ശിശുവികസന വകുപ്പ് ഡയറക്ടർ

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

വിഷയം: **വനിത ശിശുവികസന വകുപ്പ് - ഡയറക്ടറേറ്റ് - അങ്കണവാടികളിലെ പഠനപുസ്തകം- ജെൻഡർ ഓഡിറ്റിംഗ് സമതി ശുപാർശ- സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് - ട്രെയിനിംഗ് നൽകുന്നത് സംബന്ധിച്ച്.**

സൂചന: വനിത ശിശുവികസന വകുപ്പ് ഡയറക്ടറുടെ 01.07.2021 ലെ ഇതേ നമ്പർ ഉത്തരവ്.

കുട്ടികളിൽ ചെറു പ്രായം മുതൽ തന്നെ ലിംഗ സമത്വത്തിന്റെ പ്രാധാന്യവും അവബോധവും നൽകുക എന്ന ലക്ഷ്യം മുൻ നിർത്തി അങ്കണവാടികളിൽ ഉപയോഗിച്ച് വരുന്ന പാഠപുസ്തകങ്ങളും അദ്ധ്യാപന സഹായിയും ലിംഗതുല്യതയുമായി ബന്ധപ്പെട്ട് ഓഡിറ്റിംഗ് നടത്തുന്നതിനായി സൂചന പ്രകാരം കമ്മിറ്റിയെ നിയോഗിച്ചിരുന്നു.

ജെൻഡർ ഓഡിറ്റിംഗ് റിപ്പോർട്ടിലെ ശുപാർശകൾ അനുസരിച്ച് നിലവിൽ അങ്കണവാടികളിൽ ഉപയോഗിച്ച് വരുന്ന പാഠ്യ പുസ്തകങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനോടനുബന്ധിച്ച് പ്രോഗ്രാം ഓഫീസർമാർ, ശിശുവികസന പദ്ധതി ഓഫീസർമാർ, ഐസിഡിഎസ് സൂപ്പർവൈസർമാർ, അങ്കണവാടി വർക്കർമാർ എന്നിവർക്ക് ഇത് സംബന്ധിച്ച് "തുല്യത 2022" എന്ന പേരിൽ പരിശീലനം നടത്തുന്നു. ആയതിന്റെ പ്രാഥമിക ഘട്ടമെന്ന നിലയിൽ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന് ട്രെയിനിംഗ് 09.02.22, 10.02.2022, 11.02.2022 എന്നീ തീയതികളിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

പ്രസ്തുത SRG ട്രെയിനിംഗിൽ പങ്കെടുക്കുന്നതിനായി പ്രോഗ്രാം ഓഫീസർ, ECCE ൽ താൽപ്പര്യവും, ലിംഗ സമത്വം സംബന്ധിച്ച കാഴ്ചപ്പാടും TOT ആയി തുടർ പരിശീലനം

നൽകാൻ പ്രാപ്തിയുമുള്ള ശിശുവികസന പദ്ധതി ഓഫീസർ, ഐസിഡിഎസ് സൂപ്പർവൈസർ എന്നിവർ ഉൾപ്പെടെ ഒരു ജില്ലയിൽ നിന്നും 5 അംഗങ്ങളുടെ വിശദാംശങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൊഫോർമയിൽ Soft copy (in excel sheet) 05.02.2022 ന് 3:00 pm ന് അകം wcdicdsb2@gmail.com എന്ന ഇ മെയിലിൽ അയയ്ക്കേണ്ടതാണ്.

SRG ആയി പരിശീലനം നേടുന്നവർ തുടർന്ന് ജില്ലാ തലത്തിൽ (DRG) പരിശീലനം നൽകേണ്ടതുണ്ട്.

ഉള്ളടക്കം
പ്രൊഫോർമ

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർക്ക് വേണ്ടി

MS 21

| SL No. | Name of Employee | Designation, Office | What's app no. | Contanct No. | e-mail id |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |